# കവിതാമയമായ രണ്ടു കഥകൾ

പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു; D.Sc., Ph.D.

1. സുന്ദർ ഷെട്ടി

ഫുട്പാത്തിലെ കടയിൽ പുസ്തകശേഖരം പൊടിതട്ടി അടുക്കി വെക്കുമ്പോൾ സുന്ദർ ഷെട്ടി മംഗലാപുരത്തെ ഗണപതിശാസ്ത്രികളുടെ സരസ്വതി സംഗീതവിദ്യാലയത്തിൽ ഹൃദിസ്ഥമാക്കിയ വിഷ്ണുഗീതത്തിന്റെ അനുപല്ലവി മൂളിക്കൊണ്ട് എന്നുമെന്നപോലെ സുസ്മേരവദനനായി അടുത്ത കസ്റ്റമറെ നോക്കി പറഞ്ഞു: 'സർ, ഹെമിങ്‌വേയുടെ ഓൾഡ് മേൻ ഏന്റ് സീയുടെ ഒരു പഴയ കോപ്പിയുണ്ട്, എടുക്കട്ടെയോ?'

ആഹ്ലാദം അല തല്ലുന്ന സുന്ദറിന്റെ ട്രേഡ് മാർക്കായ മുഖം ഓർത്തുകൊണ്ട് ഇടവഴിയിലെ അമ്മമാർ നിർത്താതെ മോങ്ങുന്ന കുട്ടികളെ ഉപദേശരൂപേണ ശാസിക്കും: 'കരച്ചിൽ നിർത്തി സുന്ദറിനെപ്പോലെ ചിരിക്ക് കണ്ണാ'.

ആൾവാക്കർ കൊണ്ടു വന്നിരുന്ന പഴയ പുസ്തകങ്ങളിലെ താളുകൾ മറിച്ചുമറിച്ച് സുന്ദർ സകല ശാസ്ത്രപുരാണങ്ങളുടേയും പൊതുവിവരങ്ങളുടേയും പാതിയറിവിന്റെ സ്ഥിതിവിവരക്കണക്കുക്കാരനായി.

ഒരു ദിവസം പൊരിയുന്ന വെയിലിൽ തെരുവുറങ്ങുമ്പോൾ സുന്ദർ തിരക്കൊഴിഞ്ഞ കടയിലെ തിണ്ണയിലിരുന്ന് അമ്മയ്ക്ക് തുളുവിൽ കത്തെഴുതി; അതിൽ നാലു വരി കവിതകൂടി കടന്നുകൂടി.

ഗ്രാമത്തിലെ അമ്മിഞ്ഞയും

നഗരത്തിലെ ക്ഷീരമുള്ളകിടും

സാരസ്വതത്താളിലെ അക്ഷരവും

ശ്രീ ചൊരിയുന്നു ഈ ഫുട്പാത്തിലും.

ഉച്ചിയിലെ സൂര്യൻ പോക്കുവെയിലിന്റെ സുതാര്യതയിൽ മഞ്ഞച്ചപ്പോൾ മാളത്തിലേക്കു വലിഞ്ഞ സുന്ദർ, വിശ്രമിക്കാനായി പഴയ പുസ്തകങ്ങൾ നിറച്ച ചാക്കുകെട്ടിൽ തല ചായ്ച്ചു. പുസ്തകം മറിച്ചു നോക്കുന്ന കസ്റ്റമേഴ്സിനേയും അനാഥരായി ഇടവഴിയിൽ അലഞ്ഞുതിരിയുന്ന കാലികളേയും കിനാവുകണ്ട് പുലരുംമുമ്പെ അയാൾ ദേവീസ്തവം ചൊല്ലി.

ആവർത്തനവിരസതയില്ലാത്ത ദിനചര്യയോ വർണ്ണവൈവിധ്യമില്ലാത്ത അനുഭവങ്ങളോ അല്ല സുന്ദറിന്റെ ജീവിതത്തിലെ വഴിത്തിരിവായത്. വെള്ളിത്തിരയെപ്പോലും സജീവമാക്കാൻ ഉതകുന്ന അയാളുടെ നീണ്ടകഥ ചുരുക്കട്ടെ:

സിന്ധികോളനിയിലെ പുസ്തകശേഖരണം കഴിഞ്ഞെത്തിയ ആൾവാക്കർ ചാക്കഴിച്ചപ്പോൾ വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെ ഒരു കൂമ്പാരം കെട്ടഴിഞ്ഞു വീണു. നാട്ടുകാരുടെ കണ്ണിലുണ്ണിയായ ഡോക്ടർ മൻദാസാനി കഴിഞ്ഞ ദിവസം വേർപെട്ട വാർത്ത ശ്മശാനയാത്ര കണ്ടപ്പോൾ സ്ഥിരീകരിച്ചിരുന്നു. പുറംചട്ടയിലെ സ്റ്റെതസ്കോപ്പിന്റെ പടം നോക്കി സുന്ദർ കുറച്ചു നേരം മൂകനായി.

പിറ്റേന്ന് പാഴ്സിക്കോളനിയിലെ ശേഖരം തുറന്ന ആൾവാക്കറുടെ ചാക്കിൽ നിന്ന് നിയമഗ്രന്ഥങ്ങളുടെ ഒരു നിര തന്നെ പുറത്തു ചാടി. തെരുവിലെ മുൽഗോക്കറുടെ കട കുടിയൊഴിപ്പിക്കാൻ ശ്രമിച്ച കോർപ്പറേഷനെ നിയമയുദ്ധത്തിൽ തോൽപ്പിച്ച അഡ്വക്കേറ്റ് കിരൺവാലയുടെ പ്രശസ്തി തെരുവിനപ്പുറം പരന്നിരുന്നു.

സുന്ദറിന്റെ ദൃഷ്ടി രാജാവൃത്തത്തിലെ ഉദ്യാനം കടന്ന് കിരൺവാല വസിച്ചിരുന്ന പഞ്ചപ്പൂകാവനത്തിലെ കഴുകനെ നോക്കി കുറേ നേരം നിന്നു.

അടുത്ത ദിവസം ആൾവാക്കർ പുസ്തകശേഖരണക്കറക്കം കഴിഞ്ഞ് ഹിന്ദു കോളനിയിൽ നിന്ന് മടങ്ങിയെത്താൻ ഏറെ വൈകിയിരുന്നു. അയാളുടെ ചാക്കിൽ നിന്ന് അണപ്പോടെ പാലങ്ങളുടെ പടമുള്ള കട്ടിയുള്ള എഞ്ചിനീയറിങ് ബുക്കുകൾ വാർന്നു വീണു.  തെരുവിന്റെ അറ്റകുറ്റപണികൾക്കു മേൽനോട്ടം വഹിച്ചിരുന്ന വിലാസ് റാവുവിന്റെ ചരമവൃത്താന്തം ആൾവാക്കറിൽ നിന്നും അറിഞ്ഞ സുന്ദർ, തീച്ചൂളയിലെ പുകച്ചുരുൾ നോക്കി ഇത്തവണ ഏറെ നേരം നിന്നു. കടയിൽ തിരക്കില്ലാത്ത നേരമായതുകൊണ്ട് ആൾവാക്കറും സുന്ദറിനെ വിളിച്ചുണർത്താൻ തിരക്ക് കൂട്ടിയില്ല!

(2009)

# 2. വള്ളത്തോളിന്റെ ഗുരു

സുപ്രഭയ്ക്ക് യു. ജി. സി. സ്കെയിലിൽ ജോലി സ്ഥിരപ്പെടാൻ മാർക്ഷമൊന്നേയുള്ളു - ജൂനിയറായി ലെക്ചറർ തസ്തികയിൽ പ്രവേശിച്ച മധുസൂദനന്റെ എം.ഫിൽ. കഴിയുന്നതിനു മുമ്പ് തന്റെ എം.ഫിൽ. പൂർത്തിയാക്കുക

അവിവാഹിതയായ സുപ്രഭ, രാപ്പകൽ വായിച്ചും പഠിച്ചും 'വള്ളത്തോളിന്റെ കൃതികളും വ്യക്തിജീവിതവും' എന്ന വിഷയത്തെക്കുറിച്ച് തീസിസ്സ് സമർപ്പിക്കാൻ അദ്ധ്വാനിച്ചു.

'ശിഷ്യനും മകനും' എന്ന കൃതിയുടെ ഉള്ളറയിലേക്ക് ഊളിയിട്ട് മുത്തുകൾ മുങ്ങിത്തപ്പുന്ന നീലവെളിച്ചമുള്ള ഒരു രാത്രിയിൽ, സുപ്രഭയ്ക്ക്  നെറ്റിയിൽ പുരികങ്ങൾക്കിടയിൽ ഒരു പ്രകാശബിന്ദു അനുഭവപ്പെട്ടു.  അത് താമരക്കുളത്തിൽ വളയങ്ങളായി വിലയം ചെയ്തു പ്രതിഫലിച്ച് അവളുടെ മസ്തിഷ്കത്തിൽ കാന്തികവലയവും വൈദ്യുതതരംഗവുമുണ്ടാക്കി.

കുറിപ്പുകൾ കൂട്ടിയിണക്കി, സുപ്രഭ:  മിസ്റ്റർ മേനോൻ ഗുരുവിന്റെ വസതിയിൽ ഒരു ഏകാദശി ദിനത്തിൽ എത്തുന്നു - ഗുരുവിന്റെ മദ്യപാനിയായ മകൻ ഊണു കഴിഞ്ഞു വിശ്രമിക്കുന്ന അച്ഛനെ ഇപ്പോൾ കാണാൻ കഴിയില്ലെന്ന് ധാർഷ്ട്യത്തോടെ മൊഴിയുന്നു - കുപിതനായ കവി താൻ ഗുരുവിനെ കണ്ടേ മടങ്ങുകയുള്ളു എന്ന് ശാഠ്യം പിടിച്ച് മകനുമായി വാഗ്വാദത്തിലും തുടർന്ന് കയ്യാങ്കളിയിലും ഏർപ്പെടുന്നു - മുറിവേറ്റ ഗുരുവിന്റെ മകന്റെ ആർത്തനാദം കേട്ട ഗരുപത്നി ഓടിയെത്തി ഭർത്താവിനെ ഉണർത്തി ശകാരിക്കുന്നു -

സുപ്രഭയുടെ തൂലിക ചലിച്ചു - തീസിസ്സിന്റെ അവസാന അദ്ധ്യായത്തിനു കോപ്പു കൂട്ടി അവൾ കവിവാക്യം ഉദ്ധരിച്ചു:

'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം / വിശിഷ്ടനാം ശിഷ്യനിൽ നിന്നദാനീം;

ദിവ്യായുധം വല്ലതുമുണ്ടു ബാക്കി- / യെന്നാലതും നൽകിയനുഗ്രഹിക്കാം!

മകൻ പരിക്കേറ്റു മരിക്കിലെന്തു, / മഹാരഥൻ ശിഷ്യനടുക്കലില്ലേ!'

- ധർമ്മസങ്കടത്തിലായ ഗുരു എന്തു ചെയ്യണമെന്നറിയാതെ ആകുലത പൂണ്ട് മനസ്സു നൊന്തപ്പോൾ അപ്രതീക്ഷിതമായി ഗുരുവിന്റെ ഗുരു അവിടെയെത്തുന്നു -

സുപ്രഭ തീസിസ്സിന്റെ അവസാന താളുകളിലേയ്ക്ക് പ്രവേശിച്ചു.  അവളുടെ പേന ദ്രുതഗതിയിൽ

കുത്തിയൊലിച്ചു.

- ഗുരുവിന്റെ ഗുരു അവരെ ആശ്വസിപ്പിച്ചു -

പരസ്പരം കുട്ടികൾ 'കാടു കാട്ടി'യാ -

ലൊരമ്മയിത്രയ്ക്കരിശപ്പെടാവതോ?

---

'നിനയ്ക്കണം പുത്രനിൽ മീതെയായിയും

കനത്ത വാത്സല്യമൊടിക്കുലീനനെ:

നിനക്കു ഗർഭപ്രസവാദി പീഡയാൽ

മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ.'

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ സുപ്രഭയുടെ മനസ്സ് ചഞ്ചലമായി. അവൾ നാട്ടിലെ വീട്ടിലെ വടക്കിനിയിൽ രാമായണം വായിച്ചുകൊണ്ടിരിക്കുന്ന മുത്തശ്ശിയുടെ സന്ദേശം അമ്മയുടെ കത്തിൽ വായിച്ചത് ഓർമ്മിച്ച് ഹിന്ദുവിലെ വിവാഹ പരസ്യക്കോളത്തിൽ പരതാൻ തുടങ്ങി!

(കവിശ്രേഷ്ഠന്റെ സ്മരണയ്ക്ക്)

(2010)

**********************************************************